

TUESDAY 14-02-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : PADMAM S    Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/02/2023.

1. പുതുതായി നിർമ്മിച്ച പത്തനംതിട്ട ആത്മ ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം ഇന്ന് (ഫെബ്രുവരി 14ന്) രാവിലെ 9.30 ന് പന്തളം കടക്കാട് പ്രവർത്തിക്കുന്ന ജില്ല മണ്ണ് പരിശോധന കേന്ദ്രത്തിന്റെ അങ്കണത്തിൽ വച്ച് ഡെപ്യൂട്ടി സ്പീക്കർ ശ്രീ ചിറ്റയം ഗോപകുമാറിന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കൃഷിവകുപ്പ് മന്ത്രി ശ്രീ പി പ്രസാദ് നിർവഹിക്കും ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ പ്രമുഖ സഹകാരികൾ ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

2. കൃഷി വകുപ്പ് നടത്തുന്ന വൈഗ 2023-ൽ വിവിധ വിഷയങ്ങളിൽ കാർഷിക സെമിനാറുകൾ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ നടക്കുന്ന വൈഗ സെമിനാറുകളിൽ പങ്കെടുക്കുന്നതിന് കർഷകർ, കാർഷിക സംരംഭകർ, മറ്റു തല്പര വിഭാഗങ്ങൾ തുടങ്ങിയവർക്ക് www.vaigakerala.com എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. കാർഷിക ധനകാര്യവും സംരംഭകത്വവും, കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ അധിഷ്ഠിത ഉൽപ്പാദനം, ട്രൈബൽ അഗ്രികൾച്ചർ ടെക്നോളജികൾ, ഡിജിറ്റൽ അഗ്രിക്കൾച്ചർ, പാക്കേജിംഗ് ടെക്നോളജിയും ബ്രാൻഡിംഗും, കാർഷിക ഉത്പാദക സംഘടനകൾ, കാർബൺ ന്യൂട്രൽ കൃഷി, കാർഷിക സ്റ്റാർട്ടപ്പുകൾ- യൂത്ത്, സംരംഭകത്വ വികസനം സംബന്ധിച്ച വിഷയങ്ങൾ, ചെറുധാന്യങ്ങളുടെ സാദ്ധ്യതകൾ, പച്ചക്കറി- ഫലവർഗ്ഗങ്ങളുടെ വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർധനവും തുടങ്ങി 17 വിഷയങ്ങളിലാണ് സെമിനാറുകൾ സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **9447212913, 93834701** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. നാളികേര വികസന ബോർഡും കാർഷിക സർവ്വകലാശാലയും സംയുക്തമായി ഫെബ്രുവരി 17 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ **കേരകർഷകസംഗമവും കാർഷിക സെമിനാറും** വെള്ളാനിക്കര തോട്ടപ്പടിക്കടുത്തുള്ള സെൻട്രൽ ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഈ സെമിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **9400483754** എന്ന നമ്പറിൽ രാവിലെ 10 മണിക്കും വൈകീട്ട് 5 മണിക്കുമിടയിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. സംസ്ഥാന അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധന കർശനമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ക്ഷീര സംഗമം പടവ് 2022-23 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ക്ഷീര സഹകരണ സംഘങ്ങളിലൂടെ പാൽ ഉൽപ്പാദനത്തിൽ റെക്കോർഡ് വർദ്ധനവ് കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. പ്രതിദിനം ആവശ്യമായ 82 ലക്ഷം ലിറ്റർ പാൽ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തെ 64000ത്തോളം വരുന്ന അതിദാരിദ്ര്യം നേരിടുന്നവരെ മുൻപന്തിയിലെത്തിക്കാൻ ക്ഷീരോൽപ്പാദന മേഖല വഴി സാധിക്കുമെന്നും ഇതിൽ ക്ഷീര വികസന വകുപ്പിന് വലിയ പങ്ക് വഹിക്കാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തെ മികച്ച ക്ഷീരസഹകാരി അവാർഡ് നേടിയ സജു എ എസ്, മികച്ച ക്ഷീരസംഘത്തിനുള്ള ഡോ.വർഗീസ് കുര്യൻ അവാർഡിന് അർഹരായ മാനന്തവാടി ക്ഷീരോൽപ്പാദക സംഘം, ഡിജിറ്റൽ ഇന്ത്യ അവാർഡ് നേടിയ ക്ഷീരവികസന വകുപ്പ് ഐ ടി വിഭാഗം എന്നിവയ്ക്കുള്ള ആദരം മുഖ്യമന്ത്രി നിർവ്വഹിച്ചു. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട അച്ചടി-ദൃശ്യമാധ്യമ വിഭാഗത്തിലെ അവാർഡ് വിതരണം മന്ത്രിമാരായ കെ രാജനും പി പ്രസാദും ചേർന്ന് നിർവ്വഹിച്ചു. വിദേശത്ത് നിന്ന് തിരിച്ചെത്തുന്ന പ്രവാസികൾക്ക് മെച്ചപ്പെട്ട തൊഴിൽ ഉറപ്പാക്കുന്നതിനായി ക്ഷീര വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതൽ വിപുലമാക്കുമെന്ന് അധ്യക്ഷ പ്രസംഗത്തിൽ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. മികച്ച രീതിയിലുള്ള മുന്നേറ്റ പ്രവർത്തനങ്ങളാണ് സംസ്ഥാന ക്ഷീരമേഖല കാഴ്ച്ചവയ്ക്കുന്നതെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് അഭിപ്രായപ്പെട്ടു. സാധാരണ ജനങ്ങളുടെ ഉപജീവനമാർഗമായ ക്ഷീര മേഖലയെ ശക്തിപ്പെടുത്തി സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്ന് റവന്യൂ മന്ത്രി കെ രാജൻ പറഞ്ഞു. പാൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണി സാധ്യതകൾ കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതായി ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.ആർ ബിന്ദു പറഞ്ഞു.

## പരിശീലന പരിപാടി

5. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 ഫെബ്രുവരി 20, 21 തീയതികളിൽ "ശുദ്ധമായ പാലുൽപാദനം" എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ പരിശീലന പരിപാടി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്നു. താല്പര്യമുള്ളവർ ഫെബ്രുവരി 17-ന് 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. പരിശീലനാർഥികൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

6. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിൽ ഉള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി 'ഭക്ഷ്യ സംസ്കരണം' എന്ന വിഷയത്തിൽ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഫെബ്രുവരി 28 നകം **9400483754** ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ പത്തുമണി മുതൽ നാലുമണിവരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി) എസ്.സി./എസ്.ടി. വിഭാഗത്തിൽപെട്ടവർക്കായി റബ്ബറുത്പന്നനിർമ്മാണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് വെച്ച് നടത്തുന്നു. മൂന്നുമാസം നീണ്ടുനിൽക്കുന്ന കോഴ്സ് മാർച്ചു മാസം ആരംഭിക്കും. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കോഴ്സ് ഫീ തിരികെ നൽകു ന്നതാണ്. റബ്ബറുത്പന്നനിർമ്മാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ബിരുദധാരികൾ, ഡിപ്ലോമ, ഐ.ടി.ഐ., പ്ലസ് ടു (സയൻസ്) യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. റബ്ബർവ്യവസായവുമായി ബന്ധപ്പെട്ട മേഖലകളിൽ സംരംഭങ്ങൾ തുടങ്ങുന്നവർക്കും തൊഴിൽതേടുന്നവർക്കും കോഴ്സ് പ്രയോജനപ്പെടും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ **0481 2353127** എന്ന നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**കാർഷിക നിർദ്ദേശം**

8. കൊല്ലം ജില്ലയുടെ പല ഭാഗങ്ങളിലും മരച്ചീനിയിൽ മൊസൈക് രോഗം കണ്ടു വരുന്നുണ്ട്. വൈറസ് രോഗമുണ്ടാകുന്ന ഈ രോഗം പരത്തുന്നത് വെള്ളീച്ചകളാണ് (ബെമിസിയ സ്പീഷിസ്).

**രോഗ ലക്ഷണം**

ഇലകളിൽ കടും പച്ച നിറത്തിലും വിളറിയ പച്ച നിരത്തിലുമുള്ള പാടുകൾ ധാരാളമായി കാണാം. ഇളം പ്രായത്തിലുള്ള ഇലകളിലാണ് രോഗം സാധാരണയായി കണ്ടു വരുന്നത്. രോഗം ബാധിച്ച ഇലകൾ വളർച്ച മുരടിച്ചു ചുരുങ്ങി പോകും.

**നിയന്ത്രണ മാർഗ്ഗങ്ങൾ**

കൃഷിയിടങ്ങളിൽ നിന്നും രോഗം ബാധിച്ച ചെടികളെ നീക്കം ചെയ്യുന്നതിനോടൊപ്പം ഇവയെ നശിപ്പിച്ചു കളയുക. വൈറസ് രോഗം പരത്തുന്ന നീരൂറ്റിക്കുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കുന്നതിനായി അന്തർവ്യാപന ശേഷിയുള്ള കീടനാശിനിയായ റോഗർ 1.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ അഫ്താർ 02 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. മൊസൈക് രോഗത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിന്റെ ഇനങ്ങളായ ശ്രീ രക്ഷ, ശ്രീ ശക്തി, ശ്രീ സുവർണ്ണ, എന്നീ ഇനങ്ങൾ നടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം